പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1388 12.07.2011 - ൽ മറുപടിക്ക്

**ഓണക്കാലത്ത് ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി**

**ചോദ്യം**

ശ്രീ. എം.വി. ശ്രേയാംസ് കുമാർ

(എ) ഓണക്കാലത്ത് സാധാരണയായുണ്ടാവുന്ന വിലക്കയറ്റത്തിൽനിന്നും, സ്വകാര്യ കച്ചവടക്കാരുടെ ചൂഷണത്തിൽനിന്നും, ഉപഭോക്തൃ താല്പര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. റ്റി. എം. ജേക്കബ്
(ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) വരുന്ന ഓണക്കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകൾക്ക് പുറമേ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഓണച്ചന്തകൾ തുടങ്ങുവാൻ പരിപാടിയുണ്ട്. എല്ലാ സിറ്റി കോർപ്പറേഷനുകളിലും ഓണം മെഗാ പീപ്പിൾസ് ബസാറുകളും താലൂക്ക് തലത്തിൽ ഓണച്ചന്തകളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ പച്ചക്കറികളും മിതമായ വിലയിൽ ഈ ഓണച്ചന്തകളിൽ ലഭ്യമാക്കുന്നതാണ്. ഓണം, റംസാൻ, പീപ്പിൾസ് ബസാറുകൾ 25.8.2011 മുതലും ഓണം മാർക്കറ്റുകൾ 4.9.2011 മുതലും പ്രവർത്തനം ആരംഭിക്കും. മുൻകാലങ്ങളിൽ ഉണ്ടായിരുന്നതുപോലെ റംസാൻ മാർക്കറ്റുകളും ഉണ്ടായിരിക്കും.

ഉത്സവ സീസണുകളിൽ സാധാരണയായി അനുഭവപ്പെടുന്ന വിലക്കയറ്റവും കൃത്രിമ ക്ഷാമവും പരിഹരിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് പൊതുവിപണിയിൽ ശക്തമായ പരിശോധനകൾ നടത്തുകയും വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുകയും ചെയ്യാറുണ്ട്. അളവു തൂക്കം, പോലീസ്, റവന്യൂ, വാണിജ്യനികുതി, ആരോഗ്യം എന്നീ വകുപ്പുകളുമായി സംയുക്തമായാണ് ഇത്തരം പരിശോധനകൾ നടത്തുക. ആവശ്യമായ ലൈസൻസുകളില്ലാതെയും അമിത വില ഈടാക്കിയും വ്യാപാരം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിപണിയിലെ ആവശ്യങ്ങളുടെ വർദ്ധനവിന് അനുസൃതമായി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) പൊതുവിപണിയിലെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ഫലപ്രദമായ നടപടികളാണ് സപ്ലൈകോ സ്വീകരിച്ചു വരുന്നത്. സപ്ലൈകോയുടെ ചില്ലറ വില്പനശാലകളിലൂടെ ഗുണനിലവാരമുള്ള അവശ്യസാധനങ്ങൾ ന്യായമായ വിലയിൽ വിപണിയിലെ ആവശ്യങ്ങൾക്കനുസൃതമായി ഉപഭോക്താക്കൾക്കു ലഭ്യമാക്കുന്നതിൽ പ്രത്യേകം ശ്രദ്ധ നൽകിവരുന്നുണ്ട്.

സംസ്ഥാനത്തെ AAY വിഭാഗത്തിൽപ്പെടുന്ന റേഷൻകാർഡുടമകൾക്ക് ഇപ്പോൾ 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ ലഭ്യമാണ്. BPL വിഭാഗത്തിന് നിലവിൽ ലഭിക്കുന്ന adhoc അലോട്ട്മെന്റ് ഉൾപ്പെടെ 35 കിലോ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാണ്. APL വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പരമാവധി 15 കിലോഗ്രാം വരെ വിതരണം ചെയ്യുവാൻ സാധിക്കും. ഇതു കൂടാതെ സംസ്ഥാനത്തെ റേഷൻകടകൾ വഴി 13 ഇനം അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് ബൃഹത്തായ ഒരു പദ്ധതി കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ